ശ്രീ. പി. ജെ. ജോസഫ്: റീസർവ്വേയുടെ ഫലമായിട്ട് കുടിയിറക്ക് നടക്കുമെന്ന് ഞാൻ കരുതുന്നില്ല. അതിന് പ്രത്യേക നോട്ടീസ് വേണം.

ശ്രീ. ഇ. പത്മനാഭൻ: 6-ാം പഞ്ചവത്സരപദ്ധതിയിലെ ഒരു പരിപാടിയായിരുന്നു റീസർവ്വേ. 7-ാം പഞ്ചവത്സരപദ്ധതിയിൽ റീസർവ്വേയെന്നുള്ളത് ചേർത്തിട്ടില്ലായെന്നാണ് കാണുന്നത്. റീസർവ്വേ ഇതോടുകൂടി അവസാനിക്കുമോ?. മറൊന്ന് റീസർവ്വേ നടത്തിയ സ്ഥലത്ത് കൈവശ കൃഷിക്കാരുടെ കൈയ്യിലുള്ള ഭൂമിയുടെ അടിസ്ഥാനത്തിലല്ല സർവ്വേ നടത്തുന്നത്. പ്ലോട്ടായിട്ടും ഖണ്ഡമായിട്ടും വലിയ പ്രദേശങ്ങൾ ഒന്നിച്ചും സർവ്വേ ചെയ്ത് ഏരിയാതിരിച്ചും കൈവശക്കൃഷിക്കാരുടെ കൈവശമുള്ള ഭൂമിയെ സംബന്ധിച്ച സർവ്വേ നടത്താതിരിക്കുകയും ചെയ്തിരിക്കുന്നുവെന്നുള്ളതാണ് ഇന്നത്തെ സ്ഥിതി. നടത്തിയ റീസർവ്വേ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം നിഷ്ഫലവും പ്രയോജനശൂന്യവുമാണ്. ഈ പദ്ധതി നിർത്തി, പദ്ധതിയിൽ നിന്ന് ഒഴിവാക്കിയതിന്റെ അടിസ്ഥാനത്തിൽ ബാക്കിയുള്ള സ്ഥലത്ത് റീസർവ്വേ ചെയ്യുമോ?

ശ്രീ. പി. ജെ. ജോസഫ്: ഞാൻ ഇവിടെ പറഞ്ഞതുപോലെ 18 താലൂക്കുകളിൽ റീസർവ്വേ പൂർത്തിയാകുകയും 27 താലൂക്കുകളിൽ നടന്നുകൊണ്ടിരിക്കുകയുമാണ്. ഇത് മുഴുവൻ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇവിടെ ഓരോ വ്യക്തികളുടേയും തിരിച്ചില്ലായെന്നുള്ളത് ശരിയല്ല. കല്ല് ഇട്ടിട്ടില്ല എന്നുള്ള പരാതിയുണ്ട്. വളരെ ഭാരിച്ച ചെലവുള്ളതുകൊണ്ടാണ് ആ നടപടി സ്വീകരിക്കാതെ പോയിട്ടുള്ളത്. പ്രത്യേകമായി അപേക്ഷ സമർപ്പിച്ചാൽ സർവ്വേക്കല്ല് ഇട്ടുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. പി. തങ്കച്ചൻ: ഞങ്ങളുടെ പ്രദേശത്ത് റീസർവ്വേ നടത്തിയിട്ടുള്ളത് ഓരോ വ്യക്തികളുടേയും കൈവശഭൂമിയുടെ അടിസ്ഥാനത്തിലാണ്. അവിടെ കാണുന്ന മറ്റാരു ബുദ്ധിമുട്ട് കല്ലിട്ടിട്ടില്ലായെന്നുള്ളതാണ്. മന്ത്രി അതിന് മറുപടി പറഞ്ഞു. ഓരോ ഭൂവുടമകളും അതിന്റെവില കെട്ടിവയ്ക്കാൻ തയ്യാറാണ്. ഗവൺമെന്റിൽനിന്ന് ആധികാരികമായിട്ട് കല്ലുകളിട്ടുകൊടുക്കുകയാണെങ്കിൽ ഞങ്ങൾ അതിന്റെ വില കെട്ടിവയ്ക്കാൻ തയ്യാറാണ്. അതിന് വേണ്ട നിർദ്ദേശം കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. പി. ജെ. ജോസഫ്: അങ്ങനെതന്നെയാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. വസ്തുവുടമകൾ വില കെട്ടിവയ്ക്കുന്നതിനനുസരിച്ച് കല്ലുകളിട്ടുകൊടുക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി. ടിക്കറ്റ്

*70. [75] ശ്രീ. പി. കുമാരൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, കെ. ടി. കുമാരൻ:
ഡോക്ടർ എ. സുബ്ബ റാവു:
ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ക്കു വേണ്ടി എവിടെയെല്ലാം ടിക്കറ്റുകൾ അച്ചടിക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അച്ചടിക്കുവേണ്ടിയുള്ള ഓർഡർ നൽകുമ്പോൾ സ്വീകരിക്കുന്ന മാനദണ്ഡം എന്താണ്;

(സി) ഈ സാമ്പത്തികവർഷം ഇതുവരെ ഇതിനുവേണ്ടി എന്തു തുക ചെലവായി;

(ഡി) കഴിഞ്ഞകൊല്ലം ഇതേ കാലയളവിൽ ചെലവായ തുകയിൽ നിന്നും എത്ര കൂടുതലാണിത് എന്നു വ്യക്തമാക്കുമോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ):

(എ) ഇപ്പോൾ വിക്ടറി പ്രസ്സ് ലിമിറ്റഡ്, കുന്നംകുളത്ത് അച്ചടിക്കുന്നു.

(ബി) അച്ചടിക്കുവേണ്ടി ടെണ്ടറുകൾ വാങ്ങി ഏറ്റവും കുറഞ്ഞ കാട്ടേഷൻ കരാർ കൊടുക്കുന്നതാണ് ഇതുവരെയുള്ള പതിവ്. അച്ചടിക്കുവേണ്ടി ഓർഡർ നൽകുമ്പോൾ നിലവിളുള്ള സ്റ്റോക്ക്, ഒരു നിശ്ചിത കാലയളവിന് ആവശ്യം വേണ്ടിവരുന്ന ടിക്കറ്റ്, പ്രിന്റിംഗ് നൽകുന്ന രഹസ്യ നമ്പർ എന്നിവ പരിശോധിക്കും.

(സി) 25,84,303 രൂപ.

(ഡി) കൂടുതലായിട്ടില്ല.

ശ്രീ. പി. കുമാരൻ: സർ, കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇരുപത്തിയഞ്ചു ലക്ഷത്തിഎൺപത്തിനാലായിരത്തി മുന്നൂറ്റിമൂന്നു രൂപ കൂടുതലായി എന്നു പറഞ്ഞു. പക്ഷേ ചെലവ് എന്തായി എന്നു പറഞ്ഞില്ല.

ശ്രീ. എൻ. സുന്ദരൻ നാടാർ: കഴിഞ്ഞ കൊല്ലത്തേക്കാൾ ഇക്കൊല്ലം ചെലവ് കുറവാണ്. 1984–85–ലെ ചെലവിൽ നിന്ന് 1985–86–ലേ ചെലവ് വർദ്ധിച്ചിട്ടുണ്ട്. ഒരു മാസം 800 ലക്ഷം ടിക്കറ്റും ഒരു ലക്ഷം കൺസഷൻ ടിക്കറ്റും ചെലവായിട്ടുണ്ട്.

ശ്രീ. പി. കുമാരൻ: ഇത്രയും കൂടുതൽ പ്രിന്റിംഗ് വരുന്നതുകൊണ്ട് കെ. എസ്. ആർ. ടി. സി. ക്ക് സ്വന്തമായി ഒരു പ്രസ്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: ഇപ്പോൾ കെട്ടിക്കൊണ്ടിരിക്കുന്ന കെട്ടിടം പൂർത്തിയാകുമ്പോൾ അവിടെ പ്രസ്സ് തുടങ്ങുന്നതാണ്.

ശ്രീ. കെ. ടി. കുമാരൻ: സർ, കാട്ടേഷൻ കൊടുത്തിട്ടാണ് ടിക്കറ്റുകൾ അടിക്കുന്നതെന്ന് പറഞ്ഞു. ഈ സാമ്പത്തിക വർഷത്തിൽ എത്രപേരിൽ നിന്നാണ് ടിക്കറ്റ് അടിയ്ക്കുന്നതിന് കാട്ടേഷൻ ലഭിച്ചത്; ആരെല്ലാമാണ് കാട്ടേഷൻ തന്നത്; കാട്ടേഷൻ സ്വീകരിച്ച് വർക്ക് കൊടുത്തതിനുശേഷം എത്ര ശതമാനം സംഖ്യ വർദ്ധിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. സുന്ദരൻ നാടാർ: കമ്മീഷൻ ക്ഷണിച്ചപ്പോൾ മൂന്നുപേരാണ് കമ്മീഷൻ തന്നത്. ഏറ്റവും കുറഞ്ഞ കമ്മീഷനിൽ വിക്ടറി പ്രസ്സ് പ്രൈവറ്റ് ലിമിറ്റഡിനാണ് കൊടുത്തിട്ടുള്ളത്. ടി. വി. ആർ. പ്രിന്റിംഗ് തിരുവനന്തപുരം, വിക്ടറി പ്രസ്സ് പ്രൈവറ്റ് ലിമിറ്റഡ് കുന്നംകുളം; വിക്ടറി പ്രസ്സ് ഓഫ്സെറ്റ് പ്രിന്റിംഗ് എറണാകുളം എന്നവരിൽ നിന്നാണ് കമ്മീഷൻ ലഭിച്ചത്.

ശ്രീ. കെ. ടി. കുമാരൻ: എത്രശതമാനം കൂട്ടിക്കൊടുത്തുവെന്ന് പറഞ്ഞിട്ടില്ല.

ശ്രീ. എൻ. സുന്ദരൻ നാടാർ: 1984 ആഗസ്റ്റിലാണ് കൊടുത്തിട്ടുള്ളത്. കോമ്പിനേഷൻ ടിക്കറ്റ് ഒരു ലക്ഷത്തിന് 375 രൂപയും പ്രീ-പ്രൈസ്ഡ് ടിക്കറ്റ് 340 ആയിരുന്നു. അത് ഇപ്പോൾ 374-ഉം 412-ഉം ആയിട്ട് കൊടുത്തിട്ടുണ്ട്.

Dr. A. Subba Rao: Sir, in view of the fact that the K. S. R. T. C. has even now the infrastructure and requires only a small further investment for printing all the materials including the tickets necessary for the Corporation and in view of the fact that there was also a previous decision to take necessary steps to start a printing section by the Corporation itself, may I know, why the Government instead of trying to implement the previous decision of starting a printing press, continues to depend on the private presses, for printing tickets and other materials necessary for the Corporation?

ശ്രീ. എൻ. സുന്ദരൻ നാടാർ: ഇപ്പോൾ അതിന്റെ ആവശ്യത്തിലേക്ക് 65 ലക്ഷം രൂപ ചെലവായി. സ്വന്തമായി പ്രസ്സ് ആരംഭിക്കുന്നതിനുള്ള നടപടികളും വളരെ വേഗം സ്വീകരിക്കുന്നതാണ്.

Dr. A Subba Rao: May I know whether the Government is aware that by entrusting this printing to the private dealers there has been mis-use of the tickets. There was recently a report in the paper also that large scale illicit printing of the tickets were being done. May I know, what are the steps that K.S.R.T.C. has taken to prevent misuse of tickets ?

ശ്രീ. എൻ. സുന്ദരൻ നാടാർ: ഇത് ഈ ഗവൺമെന്റ് വന്നപ്പോൾ ആരംഭിച്ചിട്ടുള്ള നടപടിയല്ല. കോർപ്പറേഷൻ ആരംഭിച്ച കാലം മുതൽ പ്രൈവറ്റ് പ്രസ്സിലാണ് ടിക്കറ്റ് അച്ചടിച്ചിട്ടുള്ളത്. ചില അപാകതകളും ഉണ്ടായിട്ടുണ്ട്; അതിന് വ്യക്തമായ നടപടികളും എടുത്തിട്ടുണ്ട്. ഇപ്പോൾ ഒരു കേസ് നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly